2. ഗുണഭോക്താവിന് 60 വയസ്സ് തികയുമ്പോൾ 30,000 രൂപമുതൽ 60,000 രൂപവരെ അംഗമായി ചേർന്ന കാലയളവ് അനുസരിച്ച് ഗ്രാറ്റുവിറ്റി നൽകുന്നതാണ്. 60 വയസ്സ് മുതൽ മരണംവരെ പ്രതിമാസം 1000 രൂപ പെൻഷനും വ്യവസ്ഥയുണ്ട്.

3. പദ്ധതിയിൽ ചേർന്ന് 1000 രൂപ അടച്ചശേഷം ശാരീരികമായോ, മാനസികമായോ പൂർണ്ണ അവശതമൂലം കാർഷികവൃത്തി തുടരാൻ സാധിക്കാതെ വന്നാൽ പ്രതിമാസം 200 രൂപമുതൽ 750 രൂപവരെ പെൻഷൻ നൽകുവരുന്നതാണ്.

4. പദ്ധതിയിൽ ചേർന്നശേഷം 60 വയസ്സിനുമുമ്പ് മരണം സംഭവിച്ചാൽ അംഗങ്ങളായി ചേർന്ന കാലയളവ് അനുസരിച്ച് ഗുണഭോക്താവിന്റെ നോമിനിക്കും 25,000 രൂപ മുതൽ 1,00,000 രൂപ വരെ മരണാനന്തര സഹായമായി നൽകും. (10 വർഷം വരെ 25,000 രൂപയും, പിന്നീടുള്ള ഓരോ വർഷത്തിനും 2,500 രൂപ വീതം പരമാവധി ഒരു ലക്ഷം രൂപ വരെയും)

(സി) മരണമടഞ്ഞ 1834 പേരുടെ ആശ്രിതർക്ക് 25,000 രൂപ വീതം മരണാനന്തര ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.

(ഡി) പദ്ധതിയെപ്പറ്റി നടത്തിയ 3 പഠന റിപ്പോർട്ടുകളും (നാബ്കോൺസ്, ആക്കുറിയൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്) പദ്ധതി ഗവൺമെന്റിന് വളരെയധികം സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതും, തുടർന്ന് കൊണ്ടുപോകണമെങ്കിൽ തന്നെ ഗവൺമെന്റിൽനിന്നും വാർഷികവർഷം നിശ്ചിത തുക നിക്ഷേപിക്കണമെന്നും ചൂണ്ടികാണിച്ചിരുന്നു. പദ്ധതിയിൽ തുടർന്നുകൊണ്ടുപോകുന്നതിന് ചില നിർദ്ദേശങ്ങളും നൽകിയിരുന്നു. അതത് നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

നീര ഉൽപ്പാദന യൂണിറ്റുകൾക്ക് ലൈസൻസ്

130 (1499) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്നേഹനിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നീര ഉൽപാദനത്തിന് എത്ര യൂണിറ്റുകൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് ; നീര ഉൽപാദക സംഘങ്ങൾക്ക് സഹായം ലഭ്യമാക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) നിരയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് നീര ഉത്പ്പാദിപ്പിക്കുന്നതിനായി നാളികേര വികസന ബോർഡിന്റെ അംഗീകാരമുള്ള നാളികേര ഉൽപ്പാദക കമ്പനികൾക്കാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഇത്തരത്തിൽ 173 നാളികേര ഉൽപ്പാദക കമ്പനികൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 168 എണ്ണത്തിന് ലൈസൻസ് നൽകുകയുണ്ടായതായി എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. 2015-16 വർഷത്തേക്ക് 162 എണ്ണത്തിന് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

നീര ഉൽപ്പാദക സംഘങ്ങൾക്ക് സഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച് വിവിധ നിർദ്ദേശങ്ങൾ സർക്കാർതലത്തിൽ പരിശോധിച്ചുവരികയാണ്.

(ബി) സംസ്ഥാനത്തെ പല നീര ഉൽപ്പാദക യൂണിറ്റുകളിലും നീര ഹണി, ശർക്കര, ജാം, സ്ക്വാഷ്, നീര ഷുഗർ, നീര കേക്ക്, നീര ചോക്കലേറ്റ് തുടങ്ങിയ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്.

പരിക്ഷണാടിസ്ഥാനത്തിൽ കേരാമൃതം, കേരചക്കര, കേര ജാം എന്നിവ ഉണ്ടാക്കുന്നതിനുള്ള പൈലറ്റ് യൂണിറ്റ് കാർഷിക സർവ്വകലാശാലയുടെ നീലേശ്വരം പടന്നക്കാട് കാർഷിക കോളേജിൽ പ്രവർത്തിച്ചുവരുന്നു.

നീര ഉൽപ്പാദനം, സംസ്കരണം, വിതരണം എന്നീ മേഖലകളുടെ വിപുലീകരണം

131 (1500) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ഭൂഗർഭജലവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് നീര ഉത്പാദനവുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന എത്ര കമ്പനികളാണുള്ളതെന്ന് വ്യക്തമാക്കുമോ ; അവ ഏതെല്ലാമാണ് എന്ന് വിശദമാക്കുമോ ;

(ബി) നീരചെത്ത്, നീരസംസ്കരണം, വിതരണം എന്നിവയിലായി ഇതുവരെ എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ :